# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *495 — 23.03.2018-ൽ മറുപടിയ്ക്ക്.

## പാൽ പരിശോധനാ ലാബുകളും ഹൈടെക് ഡയറി ഫാമുകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി.ഗീതാ ഗോപി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃത്രിമപാൽ, വ്യാജപാൽ എന്നിവ കടന്നുവരുന്ന സാഹചര്യത്തിൽ ഇത് പിടികൂടുന്നതിനും നശിപ്പിക്കുന്നതിനും സംവിധാനം നിലവിലുണ്ടോ; | (എ) നിലവിലുണ്ട്.<br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഗുണനിയന്ത്രണ ഓഫീസർമാരുടെ കീഴിൽ പാൽ പരിശോധനാ ലാബുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്ത് ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റിനോടനുബന്ധിച്ച് ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും കൊല്ലം ജില്ലയിലെ ആര്യങ്കാവിലും ചെക്ക്പോസ്റ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ചെക്ക്പോസ്റ്റും ലബോറട്ടറിയും ആരംഭിക്കുന്നതാണ്.<br>ആലത്തൂർ, കോട്ടയം എന്നിവിടങ്ങളിൽ ഓരോ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ വിശദപരിശോധന നടത്തുന്നതിനായി NABL അക്രഡിറ്റേഷനോടുകൂടിയ "സ്റ്റേറ്റ് ഡെയറി ലാബ്" തിരുവനന്തപുരത്ത് ക്ഷീരവികസന വകുപ്പിന്റെ ഡയറക്ടറേറ്റിനോട് ചേർന്ന് പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് റീജിയണൽ ലാബിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ലാബുകളിൽ പരിശോധന നടത്തി വ്യാജമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവാരം കുറഞ്ഞ പാൽ പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ വ്യാജപാൽ, കൃത്രിമ പാൽ എന്നിവ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളിൽ നാളിതുവരെ കണ്ടെത്തിയിട്ടില്ല. |

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വ്യാജപാൽ ചെക്ക് പോസ്റ്റിൽത്തന്നെ പരിശോധിച്ച് തിരിച്ചയയ്ക്കുന്നതിനുള്ള സംവിധാനം ഒരുക്കുമോ;

(ബി) ക്ഷീരവികസന വകുപ്പിന് നിലവിൽ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം ചെക്ക്പോസ്റ്റിൽ മാത്രമാണ് പാൽ പരിശോധന ലാബ് ഉള്ളത്. ഇവിടത്തെ പരിശോധനയിൽ ഗുണനിലവാരം ഇല്ലാത്തതും മായം കലർന്നതുമായ പാൽ ശ്രദ്ധയിൽപെട്ടാൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന് കൈമാറാറുണ്ട്.

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനം ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധനയ്ക്കായി ഉപയോഗിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ നിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയാൽ സംസ്ഥാന ത്തിനകത്ത് കടത്തിവിടുന്നത് തടയുന്നുണ്ട്. വ്യാജപാൽ, കൃത്രിമ പാൽ എന്നിവ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളിൽ നാളിതുവരെ കണ്ടെത്തിയിട്ടില്ല.

(സി) കേരളത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പാൽ പരിശോധനാ ലാബുകളുണ്ടോ; ഇല്ലെങ്കിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഉണ്ട്.

ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡെയറി ലാബ് NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷൻ ഉള്ളതാണ്.

കേരളത്തിൽ ഭക്ഷ്യ സുരക്ഷ വകുപ്പിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള NABL അക്രഡിറ്റേഷൻ ഉള്ള ലാബുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ലാബുകളിൽ പാൽ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

മിൽമ ഡയറികളുടെ ലബോറട്ടറികളിൽ സാധാരണ ടെസ്റ്റുകൾക്ക് പുറമെ ആന്റിബയോട്ടിക് ടെസ്റ്റ് അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

(ഡി) കേരളത്തിൽ സർക്കാർ മേഖലയിൽ ഹൈടെക് ഡയറി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഉണ്ട്.

കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ കുരിയോട്ടുമല ഹൈടെക് ഡയറി ഫാം പ്രവർത്തിക്കുന്നുണ്ട്.

(ഇ) ഇത്തരത്തിലുള്ള കൂടുതൽ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ഇ) കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിന്റെ പ്രവർത്തനം മൃഗസംരക്ഷണ വകുപ്പ് വിശദമായി പഠിച്ചുവരികയാണ്. കൂടുതൽ ഹൈടെക് ഫാമുകൾ സ്ഥാപിക്കുന്നകാര്യം വിശദമായ പഠന റിപ്പോർട്ട് വിശകലനം ചെയ്ത ശേഷം തീരുമാനിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**